പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3915

15-05-2017 ലെ മറുപടി

## പരാതികൾ അധികൃതരെ അറിയിച്ചാൽ യഥാസമയം പരിഹാരം കാണാത്ത അവസ്ഥ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ശശി | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഭൂജലവകുപ്പും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി സംസ്ഥാനത്ത് തുടങ്ങിയ കൺട്രോൾ റൂമുകളുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഭൂജല വകുപ്പും കേരള ജല അതോറിറ്റിയും സംയുക്തമായി തുടങ്ങിയ കൺട്രോൾ റൂമുകൾ നിലവിലില്ല. എന്നാൽ കേരള ജല അതോറിറ്റി വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾക്കായി കൺട്രോൾ റൂമുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പൈപ്പ് പൊട്ടി കുടിവെള്ളം പാഴാക്കുന്നതുൾപ്പെടെയുള്ള പരാതികൾ അധികൃതരെ അറിയിച്ചാലും യഥാസമയം പരിഹാരം കാണാത്ത അവസ്ഥ പരിശോധിക്കുന്നതോടൊപ്പം പൈപ്പ് പൊട്ടൽ തുടങ്ങിയവ അറിയിക്കുന്നതിനായി കൺട്രോൾ റൂമിൽ ഒരു ടോൾ ഫ്രീ നമ്പർ സിസ്റ്റം നടപ്പാക്കുന്ന കാര്യം പരിഗണിയ്ക്കുമോ; | (ബി) | പൈപ്പ് പൊട്ടി കുടിവെള്ളം പാഴാകുന്നതുൾപ്പെടെയുള്ള പരാതികൾ നിരീക്ഷിച്ച് ഉചിതമായ നടപടികൾ സമയബന്ധിതമായി കൈക്കൊള്ളാൻ ഡിവിഷൻ തലത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തിരക്കേറിയ റോഡുകളിൽ റോഡ് മുറിക്കാനുള്ള അനുമതി ലഭിക്കാനുള്ള കാലതാമസം മൂലം അറ്റകുറ്റ പണികൾക്ക് താമസം നേരിടുന്ന സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പിന്റെ സഹകരണത്തോടെ കഴിയുന്നത്ര വേഗത്തിൽ അറ്റകുറ്റ പണികൾ നടത്തി ജലവിതരണം പുനസ്ഥാപിക്കാറുണ്ട്.<br>വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനായി കേരള ജല അതോറിറ്റി കൺട്രോൾ റൂമുകൾ ജില്ലാ അടിസ്ഥാനത്തിൽ തുറന്നിട്ടുണ്ട്. കൂടാതെ 24 x 7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം 1800 425 5313 എന്ന ടോൾഫ്രീ നമ്പരിൽ ഹെഡ് ആഫീസിൽ പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | കൺട്രോൾ റൂമുകളുടെ പ്രവർത്തനത്തിലൂടെ കണ്ടെത്തിയ കുറ്റകരമായ പ്രവൃത്തികൾ എന്തെല്ലാമാണെന്നും എത്ര പേരുടെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ? | (സി) | കുറ്റകരമായ പ്രവൃത്തികൾ ഒന്നും തന്നെ കൺട്രോൾ റൂമിന്റെ പ്രവർത്തനത്തിലൂടെ കണ്ടെത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**